പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4665 | 18.05.2017 ൽ മറുപടിക്ക്

**<u>കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പെരുമല ശിവക്ഷേത്രത്തിന് സമീപം താമസിക്കുന്നവർ</u>**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മണലൂർ മണ്ഡലത്തിൽ ചൂണ്ടൽ പഞ്ചായത്തിലെ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പെരുമല ശിവ ക്ഷേത്രം സ്ഥിതിചെയ്യുന്ന പെരുമല കുന്നിൻചരുവിലായി പട്ടികജാതിക്കാരടക്കം നൂറോളം കുടുംബങ്ങൾ വർഷങ്ങളായി വീട് വച്ച് താമസിച്ച് വരുന്നത് ദേവസ്വത്തിന്റെ വകയായിരുന്ന സ്ഥലത്താണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഇതുവരെ പട്ടയം കിട്ടിയിട്ടില്ലാത്തതിനാൽ സർക്കാർ സഹായം അടക്കം ആനുകൂല്യങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ടുന്നതിനാൽ ഇവർക്ക് പട്ടയം ലഭിക്കുന്നതിന് ദേവസ്വം ബോർഡ് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) ക്ഷേത്ര ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിരുകൾ അടയാളപ്പെടുത്തുന്ന പ്രവൃത്തി അന്ത്യഘട്ടത്തിലാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ